# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2696 17.10.2016 ൽ മറുപടിയ്ക്ക്

## എഫ്.ഐ.ആർ വെബ് സൈറ്റിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ എഫ്.ഐ.ആർ (പ്രഥമ വിവര റിപ്പോർട്ട്) രജിസ്റ്റർ ചെയ്താൽ അത് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ തന്നെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്ന് ക്രിമിനൽ റിട്ട് പെറ്റീഷൻ നമ്പർ 68/2016-ൽ ബഹു.സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എല്ലാ കേസുകളുടേയും എഫ്.ഐ.ആർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) എല്ലാ എഫ്.ഐ.ആറുകളും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതില്ല. |
| (സി) ഇല്ലെങ്കിൽ ഏതൊക്കെ ഇനം കേസുകൾക്കാണ് ഇതിൽ നിന്ന് ഇളവ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഭീകര പ്രവർത്തനം, ലൈംഗിക കുറ്റകൃത്യങ്ങൾ, കലാപ സംബന്ധമായ കേസ്സുകൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ (POCSO Act) തുടങ്ങിയവയുടെ എഫ്.ഐ.ആർ പ്രസിദ്ധീകരിക്കുന്നതിൽ നിന്ന് ഇളവ് നൽകിയിട്ടുണ്ട്. |
| (ഡി) ഈ ഉത്തരവ് എന്നു മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകൾ 24 മണിക്കൂറിനകം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. നടപടികൾ പൂർത്തിയായാൽ ഉടൻ പ്രസ്തുത സംവിധാനം നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ